(സി) നാളിതുവരെ പ്രസ്തുത ഏജൻസി നടത്തിയ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ ;

(ഡി) നിലവിലുള്ള നിർമ്മാണ പുരോഗതി വിലയിരുത്തുവാനും കാലതാമസം ഒഴിവാക്കി എത്രയും പെട്ടെന്ന് പദ്ധതി പൂർത്തീകരിക്കുവാനും സന്നദ്ധമാകുമോ ;

(ഇ) നിലവിൽ അനുമതി നൽകിയതിനുപരിയായി കൂടുതൽ നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നകാര്യം പരിഗണനയിലുണ്ടോ ; എങ്കിൽ വിശദാംശം അറിയിക്കുമോ ?

ഉത്തരം

(എ) 22-5-2014-ലെ സർക്കാർ ഉത്തരവ് പ്രകാരം 44 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) കൊല്ലം ജില്ലയിലെ മൈനർ ഇറിഗേഷൻ ഡിവിഷനെയാണ് ഈ പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായി നിശ്ചയിച്ചിട്ടുള്ളത്.

(സി&ഡി) പ്രസ്തുത പദ്ധതിയുടെ പ്രവർത്തനങ്ങൾ ഉടൻതന്നെ ആരംഭിക്കുന്നതാണ്. കൂടാതെ പദ്ധതി കാലതാമസം കൂടാതെ നടപ്പാക്കുന്നതിന് ശ്രദ്ധിക്കുന്നതാണ്.

(ഇ) പുതിയ പദ്ധതികളൊന്നും പരിഗണനയിലില്ല.

പൂർത്തീകരിക്കാത്ത ടൂറിസം പദ്ധതികൾ

336 (1034) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് ടൂറിസം വകുപ്പ് ഭരണാനുമതി നൽകിയ വർക്കുകളിൽ ഇനിയും നിർമ്മാണം പൂർത്തിയാക്കി കമ്മീഷൻ ചെയ്യിട്ടില്ലാത്തവ എത്ര ; അവയുടെ മൊത്തം ഭരണാനുമതി തുക എത്ര ; അവയിൽ കേന്ദ്ര ടൂറിസം വകുപ്പിന്റെ പദ്ധതികൾ എത്ര ; തുക എത്ര ; വിശദമാക്കാമോ ;

(ബി) ഈ സർക്കാർ കേന്ദ്രാനുമതി ലഭിച്ച ഏതെങ്കിലും ടൂറിസം പദ്ധതി, പിന്നീട് വേണ്ടെന്നുവയ്ക്കുകയും കേന്ദ്രം അനുവദിച്ച തുക തിരിച്ച് നൽകുകയും ചെയ്തിട്ടുണ്ടോ ; അവയുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ടൂറിസം പ്രവൃത്തികൾ നിർവ്വഹിച്ച ഇനത്തിൽ കൊടുത്തു തീർക്കാനുള്ള മൊത്തം തുക എത്രയാണ് ; എത്ര കോടി രൂപയുടെ ബില്ലുകൾ പണം നല്കുന്നതിനായി ബാക്കി നിൽപ്പുണ്ടെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) ഈ സർക്കാരിന്റെ കാലത്ത് ടൂറിസം വകുപ്പ് ഭരണാനുമതി നൽകിയ വർക്കുകളിൽ ഇനിയും നിർമ്മാണം പൂർത്തിയാക്കി കമ്മീഷൻ ചെയ്തിട്ടില്ലാത്ത പദ്ധതികളും അവയുടെ ഭരണാനുമതി തുകയും സംബന്ധിച്ച വിവരം അനുബന്ധം I* ആയും കേന്ദ്ര ടൂറിസം വകുപ്പിന്റെ പദ്ധതികളുടെ വിവരം അനുബന്ധം II ആയും ചേർത്തിട്ടുണ്ട്.*

(ബി) പണം തിരികെ അടച്ച പദ്ധതികളുടെ വിവരം താഴെ വിവരിക്കുന്നു.

1. Development of Munnar site, a Tourist Destination.
2. Neriya Mangalam into Tourist Destination.
3. Peruvannamoozhi & Kakkayam Dam, Kozhikkode.
4. Development of Karapuzha Dam site & surroundings with a major destinations.

കേന്ദ്രാനുമതി ലഭിച്ച പദ്ധതികളിൽ ചിലത് പദ്ധതി പ്രദേശത്തെ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട കാലതാമസം, കാലാവസ്ഥാ വ്യതിയാനം, പാരിസ്ഥിതിക പ്രശ്നങ്ങൾ, മറ്റ് സാമൂഹിക പ്രശ്നങ്ങൾ എന്നീ കാരണങ്ങൾ കൊണ്ട് കേന്ദ്രം നിർദ്ദേശിക്കുന്ന സമയ പരിധിക്കുള്ളിൽ പൂർത്തിയാക്കാൻ കഴിയാതെവന്ന സന്ദർഭങ്ങളിൽ ഫണ്ട് തിരികെയടയ്ക്കാൻ നിർബന്ധിതമായിട്ടുണ്ട്. സമയബന്ധിതമായി തീർക്കാൻ കഴിയാത്ത പദ്ധതികളുടെ സമയപരിധി നീട്ടികിട്ടുന്നതിനു വേണ്ടി കേന്ദ്ര ടൂറിസം വകുപ്പിന് അപേക്ഷ നൽകുകയും അങ്ങനെ സമയപരിധി നീട്ടികിട്ടാത്ത പദ്ധതികളുമായി ബന്ധപ്പെട്ട തുകയാണ് തിരിച്ചടച്ചിട്ടുള്ളത്.

(സി) ടൂറിസം പ്രവൃത്തികൾ നിർവ്വഹിച്ച ഇനത്തിൽ ബിൽ പാസാക്കി സമർപ്പിച്ചവയിൽ കൊടുത്ത് തീർക്കാനുള്ള തുക ഒന്നും തന്നെയില്ല. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ അംഗീകാരം നൽകുന്ന പദ്ധതികൾക്ക് നിർമ്മാണം ആരംഭിക്കുന്ന സന്ദർഭത്തിൽത്തന്നെ അതാത് വർക്ക് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് പദ്ധതി തുകയുടെ 50% നൽകാറുണ്ട്. തുടർന്ന് ജില്ലാ ടൂറിസം ഓഫീസറുടെ റിപ്പോർട്ടിന്റെയും യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റിന്റെയും അടിസ്ഥാനത്തിൽ പദ്ധതികളുടെ ബില്ലുകൾ പരിശോധന നടത്തി താമസംവിനാ തുക നൽകി വരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly